**നം.കെ.എസ്.എ.പി.റ്റി.എ.പി.12/336/2019 തീയതി: 15.5.2019**

**പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18**

**സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ബ്ലോക്ക്പഞ്ചായത്ത് 19.10.17മുതൽ 3.4.19 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. എ.എസ്. ഷാജഹാൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 4.4.2019 മുതൽ 17.4.2019 **വരെ** |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം** | ശ്രീ. ജോർജ്ജ്.പി. മാത്യു,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി ആശാ. എം. കുരുവിള,<br>ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി ശോശാമ്മ തോമസ് | 1.4.2017 മുതൽ 31.3.2018വരെ |

**ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി**

| | |
|---|---|
| ശ്രീ.എസ്.വേണുഗോപാൽ,<br>(ജോയിന്റ് ബി.ഡി.ഓ - ചാർജ്) | 1.4.2017 മുതൽ 14.5.2017വരെയും,<br>24.6.2017മുതൽ 13.9.2017 FNവരെയും. |

| | |
|---|---|
| ശ്രീ.എം.മോഹൻകുമാർ | 15.5.2017മുതൽ 23.6.2017വരെ |
| ശ്രീ.എൻ.ഹരിലാൽ | 13.9.2017 AN മുതൽ 9.11.2017വരെ |
| ശ്രീ.പ്രസാദ്.റ്റി.കെ | 10.11.2017മുതൽ 9.1.2018വരെ |
| ശ്രീമതി ഗീതാ.കെ.രാജൻ<br>(ജോയിന്റ് ബി.ഡി.ഓ - ചാർജ്) | 10.1.2018മുതൽ 31.3.2018വരെ |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

<u>ഭാഗം 1: പൊതു അവലോകനം</u>

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

<u>ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

<u>ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

<u>ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും</u>

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2017-18

<u>സൂചിക</u>


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | **ഭാഗം 1: പൊതു അവലോകനം** | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| | **ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |

| | | |
|---|---|---|
| 12 | ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല | 2-1 |
| | **ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13 | ചട്ടവിരുദ്ധമായി ഓവർസിയറെ നിയമിച്ചു | 3-1 |
| 14 | പാലിയേറ്റീവ് കെയർ പദ്ധതി - വാഹന വാടക അധികമായി നൽകി | 3-2 |
| 15 | ബ്ലോക്ക് ഓഫീസ് കോൺഫറൻസ് ഹാൾ മെയിന്റനൻസ്- ചെയ്യാത്ത ഇനത്തിന് തുക നൽകി | 3-3 |
| 16 | മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തില്ല | 3-4 |
| 17 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 3-5 |
| 18 | ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണത്തിന് വാട്ടർ അതോറിറ്റി സെന്റേജ് ചാർജ്ജ് അധികമായി ഈടാക്കുന്നു | 3-6 |
| 19 | മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു | 3-7 |
| 20 | വിവിധ പദ്ധതികളിലായി തിരികെ കിട്ടാനുള്ള തുകകൾ | 3-8 |
| 21 | പദ്ധതികളുടെ പൂർത്തീകരണ-വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയില്ല | 3-9 |
| 22 | ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതായി രേഖയില്ല | 3-10 |
| 23 | വയോജന സൗഹൃദ പദ്ധതി - പ്രവർത്തനം ശ്ലാഘനീയം | 3-11 |
| 24 | വനിതകൾക്ക് വിശ്രമകേന്ദ്രം എന്ന പേരിൽ തുക വകമാറ്റി ചെലവഴിച്ചു | 3-12 |
| 25 | ഇ.എം.ഡി ഒടുക്കിയതിന്റെ ഒറിജിനൽ രസീത് ഹാജരാക്കാതെ തുക തിരികെ നൽകി | 3-13 |
| 26 | ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും താൽക്കാലികമായി ചെലവഴിച്ച തുകകൾ തിരികെ റീക്കൂപ്പ് ചെയ്തിട്ടില്ല | 3-14 |
| 27 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ മൂന്ന് ലാന്റ് ഫോൺ കണക്ഷൻ- ജനറൽ പർപ്പസ് ഫണ്ടിന്റെ ദുർവ്യയം | 3-15 |
| | **ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും** | |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 29 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| | | |

| | | |
|---|---|---|
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2017-18വർഷത്തെ ബഡ്ജറ്റ് 13.3.17-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിക്കുകയും, തുടർന്ന് ഭരണസമിതിയുടെ 23.3.17-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 7500000 | 17548053 | 10048053 | -- |
| വരവ് | 262849000 | 61451737 | -- | 201397263 |
| ആകെ | 270349000 | 78999790 | -- | 191349210 |
| ചെലവ് | 268380000 | 65263221 | -- | 203116779 |
| നീക്കിയിരിപ്പ് | 1969000 | 13736569 | 11767569 | -- |

പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ വ്യതിയാനം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻ വർഷത്തെ വരവ് ചെലവ് കണക്കുകളും ബ്ലോക്ക്പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സെക്രട്ടറി സമർപ്പിച്ചിട്ടില്ല. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചല്ല കരട് ബജറ്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ളതെന്ന് ബജറ്റ് കണക്കുകളിലെ വ്യതിയാനങ്ങളിൽ നിന്നും വ്യക്തമാണ്. ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റികളിലും, ജനറൽ കമ്മിറ്റിയിലും വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് മിനിട്ട്സിൽ രേഖപ്പെടുത്തൽ ഇല്ല.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും ബ്ലോക്ക്പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.18 | 18.5.18 | 9.7.18 | 28.7.18 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 27.6.18 | നം.കെ.എസ്.എ.പി.റ്റി.എ-പി.12/746/18 തീയതി-9.7.18<br>(വിശേഷണങ്ങളോടു കൂടിയത്) |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17548053 |
| വരവ് | 61451737 |
| ആകെ | 78999790 |
| ചെലവ് | 65263221 |
| നീക്കിയിരിപ്പ് | 13736569 |

# 1-5 ഫണ്ട് വിനിയോഗം

എ) <u>സംസ്ഥാന ഗ്രാന്റുകൾ</u>

| | മുൻ ബാക്കി | ബജറ്റ് പ്രകാരം വകയിരുത്തിയ തുക | തൻവർഷ വരവ്/ അലോട്ട്മെന്റ് തുക | ആകെ | ചെലവ് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22986535 | 23336535 | 23336535 | 23336535 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 10652998 | 10653000 | 10653000 | 9990285 | 662715 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 193000 | 193000 | 193000 | 0 | 193000 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2930000 | 2930000 | 2930000 | 2283841 | 646159 |

ബി) <u>മറ്റ് ഫണ്ടുകൾ</u>

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | 1240 | 872800 | 874040 | 871043 | 2997 |
| ജനറൽ പർപ്പസ് ഫണ്ട് (ട്രഷറി) | 2760102 | 7583511 | 10343613 | 10213435 | 130178 |
| കാനറാ ബാങ്ക് (റ്റി.എ, ഡി.എ) | 22363 | 235967 | 258330 | 212805 | 45525 |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.റ്റി (പലവക) | 1134077 | 164323 | 1298400 | 104115 | 1194285 |
| കാനറാ ബാങ്ക് (IWMP) | 403788 | 897204 | 1300992 | 1297603 | 3389 |
| കാനറാ ബാങ്ക് (PMAY) | 5906000 | 4654898 | 10560898 | 5771019 | 4789879 |
| കാനറാ ബാങ്ക് (SGSY) | 603000 | 22825 | 625825 | 64400 | 561425 |
| എസ്.ബി.റ്റി (TSC) | 318830 | 11613 | 330443 | 10088 | 320355 |
| ഐ.ഓ.ബി (Plan housing) | 6399693 | 13323720 | 19723413 | 12794358 | 6929055 |
| കാനറാ ബാങ്ക് (PMKSY) | 200 | 86840 | 87040 | 69006 | 18034 |
| കാനറാ ബാങ്ക് (GST) | 0 | 4800 | 4800 | 0 | 4800 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 61 | 45554138 | 57 | 35610661 | 0 | 4 | 93.4 |

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | | *നടപ്പാക്കിയ പ്രോജക്ടുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 5 | 8941700 | 5 | 5475000 | 61.22 |
| സേവനം | 29 | 26585374 | 29 | 22923138 | 86.22 |
| പശ്ചാത്തലം | 27 | 10027064 | 23 | 7212523 | 71.93 |
| **ആകെ** | **61** | **45554138** | **57** | **35610661** | **78.2** |

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പദ്ധതികൾ* | *നടപ്പാക്കിയ പദ്ധതികൾ* | *വകയിരുത്തിയ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 23 | 23 | 20526853 | 17203912 | 83.8 |
| അസി.എക്സി. | 23 | 19 | 11492285 | 6298737 | 54.81 |

| | | | | | |
|---|---|---|---|---|---|
| എഞ്ചിനീയർ | | | | | |
| സി.ഡി.പി.ഒ | 2 | 2 | 2250000 | 2090778 | 92.92 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കല്ലൂപ്പാറ) | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) | 7 | 7 | 3865000 | 3572234 | 92.43 |
| എസ്.സി.ഡി.ഓ | 2 | 2 | 1100000 | 1070000 | 97.27 |
| കൃഷി അസി.ഡയറക്ടർ | 2 | 2 | 1920000 | 975000 | 50.78 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 4200000 | 4200000 | 100 |
| **ആകെ** | **61** | **57** | **45554138** | **35610661** | **78.2** |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1240 | 872800 | 874040 | 871043 | 2997 |
| ഗുണഭോക്താകൾക്ക് നേരിട്ട് | 0 | 0 | 0 | 0 | 0 |
| ആകെ | 1240 | 872800 | 874040 | 871043 | 2997 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4.4.19-ന് നടത്തുകയുണ്ടായി. പരിശോധനാ വേളയിൽ, കാഷ് ബാലൻസ് ഒന്നംതന്നെ ഉണ്ടായിരുന്നില്ല.

# 1-9 ആഭ്യന്തര നിയന്ത്രണം

<u>1. പൊതുനിയന്ത്രണം</u>

ബ്ലോക്ക്പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

<u>2. അക്കൗണ്ടിംഗ് സംവിധാനം</u>

ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്.

<u>3. രജിസ്റ്ററുകളുടെ പരിപാലനം</u>

<u>ആസ്തി രജിസ്റ്റർ</u>

ബ്ലോക്ക്പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ യഥാസമയം കാലികമാക്കിയിട്ടില്ല. ആസ്തിരജിസ്റ്ററിൽ നാളിതുവരെയുള്ള വിവരങ്ങൾ കൃത്യമായി ഉൾപ്പെടുത്തേണ്ടതും, 26-7-11-ലെ ജി.ഓ(എം.എസ്)152/11/ ത.സ്വ.ഭ.വ- ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആസ്തികളുടെ കൃത്യമായ അക്കൗണ്ടിംഗ് നടത്തേണ്ടതുമാണ്.

<u>4. ജനറൽ കമ്മറ്റി</u>

പഞ്ചായത്ത് കമ്മറ്റിയിൽ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ, പൊതുജനങ്ങൾക്കുള്ള വിവിധ സേവനങ്ങൾ ലഭ്യമാക്കൽ മുതലായ വിവിധ വിഷയങ്ങളെപ്പറ്റി വിശദമായ ചർച്ചകൾ നടക്കുന്നുണ്ട് എന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 11.8.17മുതൽ മിനിറ്റ്സ് സകർമ്മ സോഫ്റ്റ്-വെയറിൽ തയ്യാറാക്കുന്നുണ്ട്.

**5. വർക്കിംഗ് ഗ്രൂപ്പുകൾ**

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ക്രിയാത്മകമായ ചർച്ചകളൊന്നും വർക്കിംഗ് ഗ്രൂപ്പിൽ നടക്കുന്നില്ല എന്ന് മിനിറ്റ്സിൽ നിന്നും വ്യക്തമാകുന്നു. ഭാവിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള നൂതന പ്രൊജക്ടുകളൊന്നും തന്നെ തൻവർഷം ആവിഷ്ക്കരിച്ചിട്ടില്ല. എല്ലാ വർഷവും സ്ഥിരമായി നടപ്പാക്കുന്ന പ്രൊജക്ടുകൾ തന്നെയാണ് വീണ്ടും ആവിഷ്ക്കരിക്കുന്നത്. പ്രൊജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.3.19മുതൽ 16.3.19 വരെ | 2018-19 | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.12.17മുതൽ 1.1.18 വരെ | 2012-13മുതൽ 2016-17 വരെ | 5.2.18 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3-ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. ഷെഡ്യൂൾ-RP-10, I-9- പലവക വരവായി കാണിച്ചിരിക്കുന്ന4582251രൂപയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. യഥാർത്ഥ ഹെഡ്സ് ഓഫ് അക്കൗണ്ടുകളിലേക്ക് മാറ്റേണ്ടതാണ് .

2. ഷെഡ്യൂൾ-I-14- Infrastructure sector-ൽ [ഷെഡ്യൂൾ-I-14(b)] കാണിക്കേണ്ടതായ Other constructions- Side wall (Rs.1139161) തെറ്റായി ഷെഡ്യൂൾ- I-14-ൽ ആണ് ഉൾപ്പെടുത്തിയിരുന്നത് എന്ന് സർട്ടിഫിക്കേഷനിൽ പരാമർശിച്ചിരുന്നു. തുടർന്നും അപാകത പരിഹരിച്ചിട്ടില്ല. (തുക 1625981 രൂപയായി മാറ്റം വന്നിട്ടുണ്ട് )

3. എൻ.ആർ.ഇ.ജി.എസ് - അക്കൗണ്ടുമായി ബന്ധപ്പെട്ട വരവ്-ചെലവ്-നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ഉൾപ്പെടുത്തേണ്ടതാണ് .

മേൽപറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ് .

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല

അസി.എക്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തിയുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ കരാറുകാർ ഒടുക്കിയ തുകകൾ ബ്ലോക്ക്പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15

പ്രകാരം ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500രൂപയാണ്. 2017-18വർഷം ടി അക്കൗണ്ടിലേക്ക് കരാറുകാർ ഒടുക്കിയ താഴെ പറയുന്ന പ്രവൃത്തികളിലെ ടെണ്ടർ ഫീസ് തിരികെ ലഭിക്കാനുണ്ട്.

| പ്രവൃത്തി | ടെണ്ടർഫീസ്+ GST | ആകെ തുക |
|---|---|---|
| S.58/17-18-താലൂക്ക് ആശുപത്രി മെയിന്റനൻസ് | @1200+144 (2ടെണ്ടർ) | 1344X2 =2688 |
| S.70/17-18-തുടർ വിദ്യാഭ്യാസകേന്ദ്രം പുനരുദ്ധാരണം | @500+60 (2ടെണ്ടർ) | 560X2 =1120 |
| S.65/17-18-പൂച്ചവയൽ എസ്.സി. കോളനി സംരക്ഷണഭിത്തി നിർമ്മാണം | @1000+120 (2ടെണ്ടർ) | 1120X2 =2240 |
| S.56/17-18-ബ്ലോക്ക് ഓഫീസ് കോൺഫറൻസ് ഹാൾ കെട്ടിടം മെയിന്റനൻസ് | @600+72 (2ടെണ്ടർ) | 672X2 =1344 |
| S.50/17-18-മടുക്കാട് എസ്.സി കോളനി സംരക്ഷണഭിത്തി നിർമ്മാണം(കുന്നന്താനം) | @1000+120 (2ടെണ്ടർ) | 1120X2 =2240 |
| S.39/17-18-നെടുമ്പാല കോളനി റോഡ് കോൺക്രീറ്റിംഗ് (കോട്ടാങ്ങൽ) | @1000+120 (6ടെണ്ടർ) | 1120X6 =6720 |
| S.47/17-18-വിഴാൽ കോളനി റോഡ് പുനരുദ്ധാരണം (കവിയൂർ) | @1000+120 (2ടെണ്ടർ) | 1120X2 =2240 |
| മുണ്ടഴി കോളനി സംരക്ഷണഭിത്തി നിർമ്മാണം (നടപ്പാക്കിയിട്ടില്ല) | @1000+120 (4ടെണ്ടർ) | 1120X4 =4480 |
| S.54/17-18-പള്ളിക്കുഴി കോളനി സംരക്ഷണഭിത്തി നിർമ്മാണം (കല്ലൂപ്പാറ) | @1000+120 (3ടെണ്ടർ) | 1120X3 =3360 |
| S.37/17-18-കൊച്ചിയിൽ വലിയവീട്ടിൽ പടി വാഴനാൽ കലുങ്ക് പടി റോഡ് കോൺക്രീറ്റിംഗ് (കുന്നന്താനം) | @1000+120 (3ടെണ്ടർ) | 1120X3 =3360 |
| S.31/17-18-പാറയിൽ പടി കുന്നിരിക്കൽ പടി റോഡ് ടാറിംഗ് | @1000+120 (3ടെണ്ടർ) | 1120X3 =3360 |
| S.38/17-18-വൃന്ദാവനം കാക്കാമല മഠത്തകം റോഡ് കോൺക്രീറ്റിംഗ് | @1000+120 (5ടെണ്ടർ) | 1120X5 =5600 |
| S.33/17-18-തച്ചാങ്കൽ പടി ചന്തക്കടവ് റോഡ് കോൺക്രീറ്റിംഗ് (ആനിക്കാട്) | @1000+120 (4ടെണ്ടർ) | 1120X4 =4480 |
| S.34/17-18-പരുത്തിപ്പാലം സി.എം.എസ്.എച്ച്.എസ്.എസ് ജംഗ്ഷൻ റോഡ് ടാറിംഗ് | @1000+120 (2ടെണ്ടർ) | 1120X2 =2240 |
| S.36/17-18-പാലയ്ക്കാത്തകിടി പൂവത്താനം ആഫ്രിക്കാപ്പടി റോഡ് ടാറിംഗ് | @1000+120 (4ടെണ്ടർ) | 1120X4 =4480 |
| | | |

| | | |
|---|---|---|
| S.86/17-18-പുലിയുറുമ്പ് കോളനിയിൽ സംരക്ഷണഭിത്തി നിർമ്മാണം | @1000+120 (2ടെണ്ടർ) | 1120X2 =2240 |
| ആകെ | | 52192 |

ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കേണ്ടതായ തുക (മുൻ വർഷങ്ങളിലേത് ഉൾപ്പെടെ) ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്ന തുകകൾ ബ്ലോക്ക്പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും ജി.എസ്.ടി ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്കേണ്ടതുമാണ്.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചട്ടവിരുദ്ധമായി ഓവർസിയറെ നിയമിച്ചു

ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗത്തിൽ ഓവർസിയറുടെ ഒഴിവിലേക്ക് 6/2017-ൽ 24ദിവസത്തേക്ക് ശ്രീ.ഡെൽവിൻ ഫിലിപ്പ് എന്നയാളിനെ ദിവസവേതനത്തിൽ നിയമിക്കുകയും 17040രൂപ പ്രതിഫലം നൽകുകയും ചെയ്തു. 26.5.17-ലെ 2-ാം നമ്പർ തീരുമാനപ്രകാരമാണ് ഓവർസിയറെ നിയമിച്ചത്. എന്നാൽ പ്രസ്തുത നിയമനം മാനദണ്ഡങ്ങൾ പാലിക്കാതെയാണ് നടത്തിയതെന്ന് 7/2017-ൽ സെക്രട്ടറി ശ്രീ.എസ്.വേണുഗോപാൽ ഫയലിൽ കുറിച്ചിട്ടുണ്ട്. ഓവർസിയർക്ക് വേതനം നൽകുന്നതിനായുള്ള ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 11.7.17-ലെ 4-ാം നമ്പർ തീരുമാനത്തോട് ബി.ഡി.ഒ-യുടെ ചാർജ്ജുണ്ടായിരുന്ന ടി സെക്രട്ടറി വിയോജനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ദിവസവേതനത്തിൽ താൽക്കാലിക നിയമനം നടത്തുന്നതിന് പാലിക്കേണ്ടതായ മാനദണ്ഡങ്ങൾ പാലിച്ചല്ല നിയമനം നടത്തിയതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തേണ്ടിയിരുന്നതും, ആയതിന് തടസ്സങ്ങൾ ഉള്ള പക്ഷം വകുപ്പ് തലവന്റെ അനുമതിയോടെ താൽക്കാലിക നിയമനങ്ങൾ നടത്തേണ്ടതുമാണ്. പ്രസ്തുത നിയമനത്തിന് ഇപ്രകാരം അനുമതി വാങ്ങിയിട്ടില്ല. പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.10/16.4.19) നൽകിയെങ്കിലും ഫയൽ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ, 24ദിവസത്തേക്ക് 710രൂപ നിരക്കിൽ ടി വ്യക്തിയ്ക്ക് നൽകിയ വേതനം 17040രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-2 പാലിയേറ്റീവ് കെയർ പദ്ധതി - വാഹന വാടക അധികമായി നൽകി

2017-18 സാമ്പത്തിക വർഷത്തിലെ 'പാലിയേറ്റീവ് കെയർ വയോജനക്ഷേമം (S0062/18)' പദ്ധതിയിൽ ഹോം കെയർ ആവശ്യത്തിലേക്ക് വാഹനം ഓടുന്നതിന് മാർഗ്ഗരേഖാ പ്രകാരം പരമാവധി നൽകാവുന്ന ദിവസ വാടക (രാവിലെ ഹോം കെയർ ആരംഭിക്കുന്നത് മുതൽ വൈകുന്നേരം അവസാനിക്കുന്നത് വരെയുള്ള ഒരു ദിവസത്തേക്ക്) താഴെപ്പറയും പ്രകാരമാണ്.

| ഓടുന്ന ദൂരം (Up and down) | 15-24 കി.മീ. | 25-34 കി.മീ. | 35-44 കി.മീ. | 45-കി.മീ. ൽ കൂടുതൽ |
|---|---|---|---|---|
| പരമാവധി തുക | 800 | 900 | 1000 | 1100 രൂപ |

വാഹനത്തിന്റെ ട്രിപ്പ് ഷീറ്റിൽ, യാത്ര ആരംഭിച്ച സ്ഥലം, സമയം, വാഹനത്തിന്റെ ഓഡോമീറ്റർ റീഡിംഗ്, യാത്ര അവസാനിച്ച സ്ഥലം, സമയം ഓഡോമീറ്റർ റീഡിംഗ് എന്നീ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി ഗതാഗത വകുപ്പ് അംഗീകരിച്ച നിരക്ക്, വെയ്റ്റിംഗ് ചാർജ്ജ് എന്നിവ പ്രകാരം വാടക കണക്കു കൂട്ടി, പരമാവധി ദിവസവാടക നിരക്കിന്റെ പരിധിയ്ക്ക് വിധേയമായാണ് വാടക അനുവദിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി വാടകയ്ക്കെടുത്ത വാഹനം ഓടുന്ന ദൂരം പരിഗണിക്കാതെ 1200രൂപ വീതമാണ് സ്ഥിരമായി ദിവസവാടക നൽകിയത്.

ട്രിപ്പ് ഷീറ്റ് പ്രകാരം ഹോം കെയറിനായി ഒരു ദിവസം സഞ്ചരിച്ച ദൂരം 32 k.m നും 39 k.m നും ഇടയ്ക്കാണ്. ആയതിനാൽ പരമാവധി നൽകാവുന്ന തുക 1000രൂപയാണ്. എന്നാൽ, പരമാവധി വാടകയായ 1100 രൂപയ്ക്കു പുറമെ വെയ്റ്റിംഗ് ചാർജ്ജെന്ന പേരിൽ 100രൂപയും കൂടി നൽകിയിട്ടുണ്ട്. ഇപ്രകാരം പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കേണ്ട മാർഗ്ഗരേഖയ്ക്കു [സ.ഉ.

(സാധാ)നം. 3217/തസ്വഭവ തിയതി 29.10.2015] വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിനാൽ 19,200രൂപ വാഹന വാടക ഇനത്തിൽ അധികമായി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം., തീയതി & ബിൽ തുക | ഡ്രൈവർക്ക നൽകിയ തുക | അനുവദിക്കാവുന്ന തുക | അധികമായി നൽകിയ തുക |
|---|---|---|---|---|
| 1. | 3/17-18 dt. 17.08.2017 34,800രൂപ | 28,800/- (24 x 1200) | 24,000 (24 X 1000) | 4,800 |
| 2. | 11/17-18 dt. 29.09.2017 23,200രൂപ | 19,200/- (16 x 1200) | 16,000 (16 X 1000) | 3,200 |
| 3. | 13/17-18 dt. 10.10.2017 11,600രൂപ | 9,600/- (8 x 1200) | 8,000 (8 X 1000) | 1,600 |
| 4. | 22/17-18 dt. 10.11.2017 11,600രൂപ | 9,600/- (8 x 1200) | 8,000 (8 X 1000) | 1,600 |
| 5. | 34/17-18 dt. 10.01.2017 11,600രൂപ | 9,600/- (8 x 1200) | 8,000 (8 X 1000) | 1,600 |
| 6. | 39/17-18 dt. 23.01.2017 11,600രൂപ | 9,600/- (8 x 1200) | 8,000 (8 X 1000) | 1,600 |
| 7. | 43/17-18 dt. 09.02.2018 11,600രൂപ | 9,600/- (8 x 1200) | 8,000 (8 X 1000) | 1,600 |
| 8. | 50/17-18 dt. 16.03.2018 14,535രൂപ | 9,600/- (8 x 1200) | 8,000 (8 X 1000) | 1,600 |
| 9. | 60/17-18 dt. 23.03.2018 11,665രൂപ | 9,600/- (8 x 1200) | 8,000 (8 X 1000) | 1,600 |
| | ആകെ | 1,15,200 | 96,000 | 19,200 |
| | **വാഹന വാടകയിനത്തിൽ അധികം ചെലവഴിച്ച തുക =>** | | | **19,200രൂപ** |

ഇപ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയിൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി 19,200രൂപ വാഹന വാടക ഇനത്തിൽ അധികമായി നൽകിയതിനുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം. 09/10.04.2019) മറുപടിയിൽ, ക്വട്ടേഷൻ വിളിച്ചതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ആൾക്കാണ് (ശ്രീ.മാത്യു.എം.വി) കരാർ നൽകിയതെന്നുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച അധികം തുകയായ 19,200രൂപ നിരാകരിക്കുന്നു. ആയതിനാൽ അധികമായി നൽകിയ തുക ഡ്രൈവറായ ശ്രീ.മാത്യൂ എം.വി. യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. തുക തിരികെ ഈടാക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ ഉത്തരവാദിയായിരിക്കുന്നതാണ്. ഭാവിയിൽ ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള നിരക്ക് ചൂണ്ടിക്കാണിച്ച് ക്വട്ടേഷൻ ക്ഷണിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 3-3 ബ്ലോക്ക് ഓഫീസ് കോൺഫറൻസ് ഹാൾ മെയിന്റനൻസ്- ചെയ്യാത്ത ഇനത്തിന് തുക നൽകി

| | |
|---|---|
| പ്രൊജക്റ്റ് നം. | S.56/17-18 |
| അടങ്കൽ തുക | രൂ.300000 |
| ചെലവു തുക | രൂ.274584 (ബിൽ നം.22/28.3.18) |
| കരാറുകാരൻ | വർഗീസ് ജോർജ്, ആഞ്ഞിലിമൂട്ടിൽ |
| എം.ബുക്ക് നം. | 14/17-18 |

പ്രസ്തുത പ്രൊജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ, അവസാന ഇനമായ ഇലക്ട്രിക് പ്രവൃത്തികളുമായി ബന്ധപ്പെട്ട് LED Strip light Set സ്ഥാപിച്ചതായി രേഖപ്പെടുത്തി 5500രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമൊരു ലൈറ്റ് സ്ഥാപിച്ചതായി ഭൗതിക പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല. ആയതു സംബന്ധിച്ച് അസി.എക്സി.എഞ്ചിനീയർ നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് അറിയിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/17.4.19) മറുപടിയായി, LED Strip light Set കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് നിലവിലുള്ള അസി.എക്സി.എഞ്ചിനീയർ അറിയിച്ചു.

ഈ സാഹചര്യത്തിൽ, ചെയ്യാത്ത ഇനത്തിനായി കരാറുകാരന് അനുവദിച്ച 5500രൂപ കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ അസി.എക്സി.എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 3-4 മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തില്ല

അസി.എക്സി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പാക്കിയ ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തിട്ടില്ല. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് ഡാറ്റ തയ്യാറാക്കിയിട്ടുള്ളതിൽ പായ്ക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തിയ സാഹചര്യത്തിൽ കരാറുകാരൻ/കൺവീനർ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില(@238രൂപ+ജി.എസ്.റ്റി-12%) കുറവ് ചെയ്യേണ്ടതായിരുന്നു. ഇ-ഗവൺമെന്റ് പ്രൊക്വയർമെന്റ് ടെണ്ടർ നോട്ടീസിലെ 71-ാം ഇനമായി ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥയിൽ സിമന്റ് ബാഗ്, കാലിബാരൽ എന്നിവ സ്ഥാപനത്തിലേക്ക് തിരിച്ചേൽപ്പിക്കേണ്ടതില്ലെന്നും ആയതിന് സർക്കാർ കാലാകാലങ്ങളിൽ ഉത്തരവാകുന്ന നിശ്ചിത വില ബില്ലിൽ നിന്നും ഈടാക്കിയാൽ മതിയെന്നും സൂചിപ്പിച്ചിട്ടുണ്ട്. ബാരൽ വില കുറവ് ചെയ്യാതിരുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ/കൺവീനർ/ ബിൽ നമ്പർ | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടതായ തുക |
|---|---|---|---|
| 1 | S.36/17-18-പാലയ്ക്കാത്തകിടി പൂവത്താനം ആഫ്രിക്കാപ്പടി റോഡ് ടാറിംഗ്- കുന്നന്താനം<br>(കരാറുകാരൻ- വർഗീസ് ജോർജ്)<br>(ബിൽ നം.15/8.3.18) | 12 | 12X238<br>=2856+343(GST)<br>=3199 |
| 2 | S.34/17-18-പരുത്തിപ്പാലം CMSHSS ജംഗ്ഷൻ റോഡ് റീടാറിംഗ്- ആനിക്കാട് | 17 | 17X238<br>=4046+486(GST)<br>=4532 |

| | | | |
|---|---|---|---|
| | (മോൻസൺ ഐസക്, ഭഗവത്കുഴി) (ബിൽ നം.18/23.3.18) | | |
| 3 | S.31/17-18-പാറയിൽപടി കുന്നിരിക്കൽ പടി റോഡ് ടാറിംഗ്- ആനിക്കാട് (ജോൺ.സി.തോമസ്) (ബിൽ നം.19/24.3.18) | 12 | 12X238 =2856+343(GST) =3199 |
| | **ആകെ** | | **10930** |

ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്താത്ത പക്ഷം ഉത്തരവാദിയായ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-5 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കരാർവച്ച തീയതി മുതൽ ആറു മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കണമെന്ന നിബന്ധന ആറുമാസ കാലയളവിനുശേഷവും നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പറും, പേരും | പദ്ധതി നടപ്പിലാക്കുന്ന പ്രദേശം | അടങ്കൽ തുക | ബിൽ നം/ ചെക്ക് നം, & തീയതി | ചെലവു തുക | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത് പ്രകാരം ചെലവ് | സാക്ഷ്യപത്രം പ്രകാരം ബാലൻസ് തുക |
|---|---|---|---|---|---|---|---|
| 1. | S0018/18- മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ(scp) | കുളത്തുർ-ചരലേൽ (കോട്ടാങ്ങൽ GP) | 2,50,000 | 26 / 22.12.17 | 3,50,000 | രൂ. 8,36,975 (SCP പ്രൊജക്ടായ രാജീവ് ഗാന്ധി കോളനി - പുളിക്കാമല- പുളിക്കൽ കവല ആനിക്കാട് ഗ്രാമപഞ്ചായത്ത് - എന്ന പ്രവൃത്തിയുടേയും, ജനറൽ പ്രൊജക്ടായ ഐക്കരപടി- മാത്രൂർപടി (കല്ലൂപ്പാറ GP) എന്ന പ്രവൃത്തിയുടേയും ഒരുമിച്ചുള്ള വിനിയോഗ സാക്ഷ്യപത്രമാണ് ലഭ്യമായിട്ടുള്ളത്) രൂ. 7,62,100 പനവേലിക്കുന്ന് കോളനി (മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്)- SCP | രൂ. 2,87,025/- രൂ. 1,72,900/- |
| | | പൂച്ചവയൽ (കുന്നന്താനം GP) | 1,00,000 | | | | |
| | | രാജീവ് ഗാന്ധി പുളിക്കാമല-പുളിക്കൽ കവല (ആനിക്കാട് GP) | 4,14,000 | 27/12.01.18 | 4,14,000 | | |
| | | നല്ലൂർക്കടവ്-പ്ലാക്കൽ (ആനിക്കാട് GP) | 6,70,000 | 28/12.01.2018 | 16,05,000 | | |
| | | പനവേലിക്കുന്ന് (മല്ലപ്പള്ളി GP) | 9,35,000 | | | | |
| | | ചെറുപുഷ്പം- കാവനാക്കുഴി റോഡ് (കവിയൂർ GP) | 68,000 | 29/12.01.18 | 68,000 | | |
| | | മുട്ടത്തുപ്പാറ- മാധവശ്ശേരികോട്ടയിൽ തുക്കുടി റോഡ് (കവിയൂർ GP) | 1,93,000 | 43/03.03.18 | 3,71,000 | | |
| | | പനങ്ങായിൽ- മണ്ണാമുറി ബിജുഭവനംപടി റോഡ് (കവിയൂർ GP) | 1,78,000 | | | | |
| | | കുമ്മേലിപറമ്പിൽ പടി - പാലാക്കുന്നേൽപടി | 3,72,000 | 48/17.03.18 | 3,72,000 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | (കല്ലൂപ്പാറ GP) | | | | ബാക്കിയുള്ള 8 പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | |
| | | വരിക്കപ്ലാമൂട്ടിൽ - മുടിമല (കല്ലൂപ്പാറ GP) | 11,23,261 | 49 / 17.03.18 | 11,23,261 | | |
| | | | 1,01,739 | ചെക്ക് നം. 2195389/ 17.03.18 | | | |
| 2. | | ആകെ | 43,03,261 (വികസന ഫണ്ട് - SCP) 1,01,739 (ജനറൽ പർപ്പസ് ഫണ്ട്) | | | | |

| ക്രമ നം. | പ്രോജക്ട് നമ്പറും, പേരും | പദ്ധതി നടപ്പിലാക്കുന്ന പ്രദേശം | അടങ്കൽ തുക | ബിൽ നം/ ചെക്ക് നം, & തീയതി | ചെലവു തുക | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത് പ്രകാരം ചെലവ് | ബാലൻസ് തുക |
|---|---|---|---|---|---|---|---|
| 2. | S0015/18- മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ (Gen.) | ഐക്കരപടി-മാത്രൂർപടി (കല്ലൂപ്പാറ GP) | 5,00,000 | 24 / 22.12.17 | 8,90,000 | രൂ. 8,36,975/- (രാജീവ് ഗാന്ധി കോളനി - ആനിക്കാട് ഗ്രാമപഞ്ചായത്ത് (SCP) – എന്ന പ്രവൃത്തിയുടേയും, ഐക്കരപടി-മാത്രൂർപടി (കല്ലൂപ്പാറ GP) – (Gen)- എന്ന പ്രവൃത്തിയുടേയും ഒരുമിച്ചുള്ള വിനിയോഗ സാക്ഷ്യപത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 5 പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | (വിശദാംശങ്ങൾ മുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) |
| | | കുരുവിക്കാട്ടുപടി - എലച്ചേറ്റ് നാട്ടുവഴി (കോട്ടാങ്ങൽ GP) | 1,40.000 | | | | |
| | | ചെറിയമുളക്കിൽപടി - താന്നികപൊയ്ക (കോട്ടാങ്ങൽ GP) | 2,50,000 | | | | |
| | | കുന്നമേൽപടി - മേച്ചേരിൽപടിറോഡ് (കവിയൂർ GP) | 2,69.000 | 31 / 17.01.18 | 4,79,000 | | |
| | | ഈട്ടിക്കൽപടി- മുക്കടമണ്ണിൽ റോഡ് (ആനിക്കാട് GP) | 2,10,000 | | | | |
| | | തറക്കുന്നിൽപ്പടി- അങ്ങത്താഴെമല (കവിയൂർ GP) | 21,165 | 52 / 24.03.18 | 21,165 | | |
| | | ആകെ | 13,90,165 (വികസന ഫണ്ട്) | | | | |

പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ (വിനിയോഗ സാക്ഷ്യപത്രം, വർക്ക് ബില്ലിന്റേയും എം.ബുക്കിന്റേയും പകർപ്പുകൾ എന്നിവ) മേൽ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരണത്തിനുശേഷം ലഭിക്കുവാനുള്ള ബാലൻസ് തുക കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും ആ തുക സഞ്ചിത നിധിയിലേക്ക് ഒടുക്കു വരുത്തേണ്ടതുമാണ്.

രാജീവ് ഗാന്ധി കോളനി - പുളിക്കാമല-പുളിക്കൽ കവല ആനിക്കാട് ഗ്രാമപഞ്ചായത്ത് (SCP), ഐക്കരപടി-മാത്രൂർപടി (കല്ലൂപ്പാറ GP) – (Gen) എന്നീ രണ്ടു വർക്കുകളുടെ ഒരുമിച്ചുള്ള വിനിയോഗ സാക്ഷ്യപത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. ഓരോ വർക്കിന്റെയും പ്രത്യേകം പ്രത്യേകം വിനിയോഗ സാക്ഷ്യപത്രം കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ആവശ്യപ്പെടേണ്ടതും ആയത് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

2017-18 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കരാർവച്ച തീയതി മുതൽ ആറുമാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. ഇപ്പോഴും പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പറും, പേരും | പദ്ധതി നടപ്പിലാക്കുന്ന | അടങ്കൽ തുക | ബിൽ നം/ ചെക്ക് നം, & | ചെലവു തുക | വിനിയോഗ സാക്ഷ്യപത്രം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | പ്രദേശം | | തീയതി | | ലഭ്യമാക്കിയത് പ്രകാരം ചെലവ് |
| 3. | S0019/18- മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ (Gen.) | കാണിക്കമണ്ഡപം-മാർക്കറ്റ് റോഡ് | 40,486 (വികസന ഫണ്ട് ) | 45 /02.03.18 | 40,486 | ഈ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. |
| | | | 35,414 (തനത് ഫണ്ട്) | ചെക്ക് നം. 2195379/9.3.18 | 35,414 | |
| | | കല്ലൂപ്പാറ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ | 4,95,069 (വികസന ഫണ്ട് ) | 22 / 30.11.17 | 4,95,069 | |
| | | | 4336 (തനത് ഫണ്ട്) | ചെക്ക് നം. 2195290 / 27.11.17 | 4336 | |
| | | വലിച്ചയിൽപ്പടി-മരംകൊല്ലിൽപടി | 1,05,000 (വികസന ഫണ്ട് ) | 42 / 02.03.18 | 1,05,000 | |
| | | കൊറ്റനാട് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ | 4,58,040 (തനത് ഫണ്ട്) | ചെക്ക് നം. 2195380/ 09.03.18 | 4,58,040 | |
| | | കവിയൂർ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ | 1,61,655 (തനത് ഫണ്ട്) | ചെക്ക് നം. 2195378 / 09.03.18 | 1,61,655 | |
| | | ആകെ | 6,40.555 (വികസന ഫണ്ട് ) 6,59,445 (തനത് ഫണ്ട്) | | | |

| ക്രമ നം. | പ്രോജക്ട് നമ്പറും, പേരും | പദ്ധതി നടപ്പിലാക്കുന്ന പ്രദേശം | അടങ്കൽ തുക | ബിൽ നം/ ചെക്ക് നം, & തീയതി | ചെലവു തുക | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത് പ്രകാരം ചെലവ് |
|---|---|---|---|---|---|---|
| 4. | S0020/18 മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ (എസ്.സി.പി.) | കളത്തൂർ ചരലേൽ s.c കോളനി -കോട്ടാങ്ങൽ | 1,65,150 | 13 / 22.12.17 | 3,10,590 | ഈ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. |
| | | വിഴൽ കോളനി -കവിയൂർ | 1,45,440 | | | |
| | | ആകെ | 3,10,590 (വികസന ഫണ്ട്) | | | |

| ക്രമ നം. | പ്രോജക്ട് നമ്പറും, പേരും | അടങ്കൽ തുക | ബിൽ നം/ ചെക്ക് നം, & തീയതി | ചെലവു തുക | തുക കൈപ്പറ്റിയ സ്ഥാപനം / ഏജൻസി | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത് പ്രകാരം ചെലവ് |
|---|---|---|---|---|---|---|
| 5. | S0064/18 | 2,89,000 | 58 / 28.03.17 | 2,31,087 | പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് | പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളും |

| | | | | | | | |
|---|---|---|---|---|---|---|---|
| | മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ CCTV സ്ഥാപിക്കൽ | | (മെയിന്റനൻസ് ഫണ്ട്- റോഡിതരം) | | വിഭാഗം, തിരുവനന്തപുരം ഡിവിഷൻ | വിനിയോഗ സാക്ഷ്യപത്രവും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. | |
| | | | ചെക്ക് നം. 2195398/28.3.18 (തനത് ഫണ്ട്) | 57,913 | | | |

| ക്രമ നം. | പ്രോജക്ട് നമ്പറും, പേരും | അടങ്കൽ തുക | ബിൽ നം/ ചെക്ക് നം, & തീയതി | തുക | തുക കൈപ്പറ്റിയ സ്ഥാപനം / ഏജൻസി | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത് പ്രകാരം ചെലവ് | ബാലൻസ് തുക തിരികെ ലഭിക്കാനുള്ളത് |
|---|---|---|---|---|---|---|---|
| 6. | S0040/18- മല്ലപ്പള്ളി താലൂക്ക് ആശുപത്രിക്ക് കേബിൾ കണക്ഷൻ, അനുബന്ധ സൗകര്യങ്ങൾ | 1,20,000 | 16 / 24.10.17 (മെയിന്റനൻസ് ഫണ്ട് -റോഡിതരം) | 120000 | എക്സി. എഞ്ചിനിയർ പി.ഡബ്ല്യ.ഡി. കെട്ടിട വിഭാഗം, പത്തനംതിട്ട ഡിവിഷൻ | വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവായ തുക- 98910രൂപ | 21,090 രൂപ |

21,090 രൂപ തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുക തിരികെ ലഭ്യമാകുമ്പോൾ വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും യാതൊരുവിധ തുടർ നടപടികളും സ്വീകരിക്കുന്നില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വെയ്ക്കുന്നതിനും പൂർത്തീകരണ തീയതി എഗ്രിമെന്റിൽ രേഖപ്പെടുത്തുന്നതിനും, കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തധികൃതർ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# 3-6 ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണത്തിന് വാട്ടർ അതോറിറ്റി സെന്റേജ് ചാർജ്ജ് അധികമായി ഈടാക്കുന്നു

കേരളാ വാട്ടർ അതോറിറ്റി ഏറ്റെടുത്തു നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും 2.5% എസ്റ്ററിമേറ്റും പ്ലാനും തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് 12.5% സെന്റേജ് ചാർജ്ജ് ഈടാക്കുന്നുണ്ട്. എന്നാൽ പി.ഡബ്ല്യ.ഡി. മാനുവൽ കേരളാ വാട്ടർ അതോറിറ്റിയ്ക്കും ബാധകമായതിനാൽ എസ്ററിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 2.5% സെന്റേജ് ചാർജ്ജ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുവാൻ പാടില്ലായെന്ന് 16.04.2018-ലെ സ.ഉ.(സാധാ) നം. 1069/18 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി കേരളാ വാട്ടർ അതോറിറ്റിയിൽ (പത്തനംതിട്ട ഡിവിഷനിൽ) തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള താഴെചേർക്കുന്ന പ്രവൃത്തികളിൽ എസ്ററിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് ചുമത്തിയിട്ടുള്ള 2.5% സെന്റേജ് ചാർജ്ജ് ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകുവാൻ ആവശ്യപ്പെടേണ്ടതാണ്.

| പദ്ധതിയുടെ വിവരം | ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം |
|---|---|
| S0015/18- മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ (Gen.) ചെലവ്- രൂ.13,90,165 (വികസന ഫണ്ട്) | 8,90,000 - Bill no. 24 / 22.12.17<br>4,79,000 - Bill no. 31 / 17.01.18<br>21,165 - Bill no. 52 / 24.03.18 |
| S0018/18- മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ(SCP) | 3,50,000 – Bill no. 26 / 22.12.17<br>4,14,000 – Bill no. 27/12.01.18 |

| | |
|---|---|
| ചെലവ്-<br>43,03,261 (വികസന ഫണ്ട് - SCP)<br>1,01,739 (ജനറൽ പർപ്പസ് ഫണ്ട്) | 16,05,000 – Bill no. 28/12.01.18<br>68,000 – Bill no. 29/12.01.18<br>3,71,000 – Bill no. 43/03.03.18<br>3,72,000 – Bill no. 48/17.03.18<br>11,23,261 – Bill no. 49 / 17.03.18<br>1,01,739- ചെക്ക് നം.2195389/17.3.18 |

# 3-7 മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ മരുന്ന വാങ്ങൽ പദ്ധതി പ്രകാരം താലൂക്ക് ആശുപത്രി, മല്ലപ്പള്ളിക്കും, സി.എച്ച്.സി കല്ലൂപ്പാറയ്ക്കും മരുന്നുകൾ ലഭ്യമാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കല്ലൂപ്പാറ സി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങി നൽകൽ

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ മരുന്ന വാങ്ങൽ പദ്ധതി പ്രകാരം 2,00,000 രൂപ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നമ്പരും പേരും | കല്ലൂപ്പാറ സി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങി നൽകൽ - S0053/18 |
| ബിൽ നം. & തുക | നം.10/ 08.03.2018, തുക – 2,00,000 (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| പ്രൊഫോർമ ഇൻവോയിസ് & തുക | Prf no. 2403 - തുക – 1,03,597/-<br>Prf no. 578 - തുക – 96,403/- |
| | ആകെ – 2,00,000/- |
| പ്രൊഫോർമ ഇൻവോയിസ് പ്രകാരം ലഭ്യമായ മരുന്നകൾ | Prf no. 2403 പ്രകാരം ലഭ്യമായ മരുന്നുകൾ 42,837/- രൂപയുടേത്. ഈ പ്രഫോമ ഇൻവോയിസ് പ്രകാരം **60,760** രൂപയുടെ മരുന്നുകൾ കൂടി ഇനിയും ലഭ്യമാക്കാനുണ്ട്.<br>Prf no. 578 - പ്രകാരമുള്ള മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. |
| ആകെ ലഭ്യമാക്കുവാനുള്ള മരുന്നുകൾ | **60,760 + 96,403 = 1,57,163രൂപയുടെ മരുന്നുകൾ** |

മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടികൾ ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥയും സ്വീകരിക്കേണ്ടതും, ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

2. മല്ലപ്പള്ളി താലൂക്ക് ആശുപത്രിക്ക് മരുന്ന വാങ്ങി നൽകൽ

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ മരുന്ന വാങ്ങൽ പദ്ധതി പ്രകാരം വിവിധ പദ്ധതികളിലായി 7,28,800രൂപ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പദ്ധതിയുടെ പേര് & നം. | മല്ലപ്പള്ളി താലൂക്ക് ആശുപത്രിക്ക് മരുന്ന വാങ്ങൽ - S0030/18 |
| ബിൽ നം, തുക & തീയതി | നം.20 / 17-18, തുക – 5,50,000/- തീയതി - 10.11.2017 |
| പ്രഫോമ ഇൻവോയിസ് & | Prf no. 2022 - തുക – 5,17,228/-<br>Prf no. 61 - തുക – 32,772/- |

| | |
|---|---|
| തുക | |
| പ്രഫോമ ഇൻവോയിസ് പ്രകാരം ലഭ്യമായ മരുന്നുകൾ | Prf no. 2022- പ്രകാരം ലഭ്യമായ മരുന്നുകൾ 5,08,521/- രൂപയുടേത്. ഈ ഇൻവോയിസ് പ്രകാരം **8,707/-** രൂപയുടെ മരുന്നുകൾ കൂടി ഇനിയും ലഭ്യമാക്കാനുണ്ട്.<br>Prf no. 61- പ്രകാരം ലഭ്യമായ മരുന്നുകൾ 26,634/- രൂപയുടേത്. ഈ ഇൻവോയിസ് പ്രകാരം **6,138/-** രൂപയുടെ മരുന്നുകൾ കൂടി ഇനിയും ലഭ്യമാക്കാനുണ്ട്. |
| പദ്ധതി പ്രകാരം ആകെ ലഭ്യമാകാനുള്ള മരുന്നുകൾ | **8,707 + 6,138 = 14,845/- രൂപയുടെ മരുന്നുകൾ** |

2.

| | |
|---|---|
| പദ്ധതിയുടെ പേര് & നം. | പാലിയേറ്റീവ് കെയർ വയോജനക്ഷേമം - S0062/18 |
| ബിൽ നം., തുക & തീയതി | 16 / 17-18, തുക – 42,464/- തീയതി - 02.11.2017<br>25 / 17-18, തുക – 1,36,336/- തീയതി - 17.11.2017 |
| പ്രഫോമ ഇൻവോയിസ് & തുക | Prf no. 1325 തുക – 42,464/-<br>Prf no. 2049 തുക – 1,36,336/- |
| പ്രഫോമ ഇൻവോയിസ് പ്രകാരം ലഭ്യമായ മരുന്നുകൾ | Prf no. 1325- പ്രകാരമുള്ള മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.<br>Prf no. 2049 - പ്രകാരം ലഭ്യമായ മരുന്നുകൾ 1,31,005- രൂപയുടേത്. ഈ ഇൻവോയിസ് പ്രകാരം 5,331/- രൂപയുടെ മരുന്നുകൾ കൂടി ഇനിയും ലഭ്യമാക്കാനുണ്ട്. |
| പദ്ധതി പ്രകാരം ആകെ ലഭ്യമാകാനുള്ള മരുന്നുകൾ | **42,464 + 5,331 = 47,795/- രൂപയുടെ മരുന്നുകൾ** |

മല്ലപ്പള്ളി താലൂക്ക് ആശുപത്രിയുടെ രണ്ടു മരുന്നുവാങ്ങൽ പദ്ധതികളിലായി 62,640/- രൂപയുടെ മരുന്നുകൾ കൂടി കെ.എം.സി.എൽ ലഭ്യമാക്കുവാനുണ്ട്. അവ എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

# 3-8 വിവിധ പദ്ധതികളിലായി തിരികെ കിട്ടാനുള്ള തുകകൾ

സംയുക്ത പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രപ്രകാരം ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിക്കുവാനുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേരു വിവരം | എസ്റ്റിമേറ്റ് തുക (രൂപ) | തുക കൈപ്പറ്റിയ സ്ഥാപനം / ഏജൻസി | വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവായ തുക (രൂപ) | ബാക്കി ലഭിക്കാനുള്ള തുക |
|---|---|---|---|---|---|
| 1. | പ്ലാവുങ്കൽപടി - | 1,72,384/- | അസി. | 1,44,450/- | 27,934/- |

| | | | | | |
|---|---|---|---|---|---|
| | പണ്ടിരിപ്പടി-ഫാക്ടറിപ്പടി ബ്ലോക്ക് വിഹിതം-മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന് നൽകൽ - S0082/18 | | എഞ്ചിനിയർ LSGD, മല്ലപ്പള്ളി | | |
| 2. | അംഗനവാടികൾക്ക് കെട്ടിട നിർമ്മാണം - മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ-S0073/18 | 8,00,000/- | അസി. എഞ്ചിനിയർ LSGD, മല്ലപ്പള്ളി | 7,44,750/- | 55,250/- |
| 3. | പുതിയോട്ടിൽ കോളനി നടപ്പാത കോൺക്രീറ്റിംഗ്-കല്ലൂപ്പാറ ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ - S0077/18 | 89,000/- | കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത് | 57,726/- | 31,274/- |
| | ആകെ തുക => | | | | 114458 |

നാളിതുവരെ ബാക്കി തുക ലഭിച്ചിട്ടില്ലായെന്നുള്ളത് വളരെ ഗൗരവമായി എടുക്കേണ്ടതും തുക തിരികെ ഈടാക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുക ലഭ്യമായതിന്റെ വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ബ്ലോക്കിന്റെ തുക മറ്റ് ഏജൻസികളിൽ സമയക്ലിപ്തതയില്ലാതെ നിഷ്ക്രിയമായി കിടക്കുന്നത് ഒഴിവാക്കേണ്ടതാണ്.

# 3-9 പദ്ധതികളുടെ പൂർത്തീകരണ-വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയില്ല

2017-18 സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിച്ച ചുവടെ ചേർക്കുന്ന സംയുക്ത പദ്ധതികളുടെ പൂർത്തീകരണ-വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ പേരു വിവരം | അടങ്കൽ തുക | തുക കൈപ്പറ്റിയ സ്ഥാപനം / ഏജൻസി |
|---|---|---|---|
| 1. | കോട്ടാങ്ങൽ പി.എച്ച്.സി.യിൽ ടോയിലറ്റ് കോംപ്ലക്സ് നിർമ്മാണം ബ്ലോക്ക് വിഹിതം കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന് നൽകൽ - S0083/18 | 9,70,000/- | കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത് |
| 2. | പള്ളത്ത്പടി-മറ്റക്കാട്ട്പടി റോഡ് കോൺക്രീറ്റിംഗ് - ബ്ലോക്ക് വിഹിതം കുന്നന്താനം ഗ്രാമപഞ്ചായത്തിന് നൽകൽ - S0076/18 | 2,29,649/- | കുന്നന്താനം ഗ്രാമപഞ്ചായത്ത് |

മേൽ കാണിച്ചിരിക്കുന്ന പദ്ധതികളുടെ ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രവും, പൂർത്തീകരണസാക്ഷ്യപത്രവും വർക്ക് ബില്ലിന്റേയും എം.ബുക്കിന്റേയും പകർപ്പ് സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. സാമ്പത്തിക വർഷം അവസാനിച്ചിട്ടും നാളിതുവരെ രേഖകൾ ലഭ്യമാക്കാത്തത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും വളരെ ഗൗരവമായി കാണേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-10 ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതായി രേഖയില്ല

2017-18 വർഷം നടപ്പിലാക്കിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളിൽ തുക ചെലവഴിച്ചിരിക്കുന്നത്, ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭ മുഖാന്തരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്കാണെന്നുള്ളതു വ്യക്തമാക്കാനാവശ്യമായ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 14 / 17.04.2019) യാതൊരു മറുപടിയും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

വിവിധ പദ്ധതികളിലായി ഗ്രാമസഭയുടെ അംഗീകാരരേഖകൾ ഹാജരാക്കാത്തവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ നം.& പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നം. / ചെക്ക് നം. & തീയതി | തുക | പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾ |
|---|---|---|---|---|---|
| 1. | S0084/18- ലൈഫ് മിഷന് അധിക ധനസഹായം (SCP) | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 30 / 17.01.18 | 1,00,000 | 32 |
| | | | 36 / 20.02.18 | 21,32,780 | |
| 2. | S0085/18- ലൈഫ് മിഷന് അധിക ധനസഹായം (Gen.) | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 32 / 30.01.18 | 48,500 | 11 |
| | | | 44 / 02.03.18 | 8,01,500 | |
| 3. | S0088/18 - ലൈഫ് മിഷൻ - P.M.A.Y അധിക ധനസഹായം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 56 / 27.03.18 | 17,82,942 | 46 |

ബഹു. കേരള ഹൈക്കോടതിയുടെ 1997 ഏപ്രിൽ 4-ാം തീയതിയിലെ വിധിയിൽ (കേസ് നം. ഒ.പി. നം. 18175/1996) വ്യക്തമാക്കുന്നതുപോലെ സുതാര്യവും നീതിയുക്തവുമായ രീതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടത് നിയമപരമായ ഒരാവശ്യം കൂടിയാണ്. ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സുതാര്യമായിരിക്കണം. ഇതിൽ ഉണ്ടാകുന്ന വിവേചനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെയും ഭരണഘടന 14-ാം അനുച്ഛേദത്തിന്റെയും ലംഘനം ആയിരിക്കുമെന്നും ഈ വിധിയിൽ വ്യക്തമായിട്ടുണ്ട്. അതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സംക്ഷൻ 3എ(ബി) യുടെയും മേൽ പ്രസ്താവിച്ച ഹൈക്കോടതി വിധിയുടെയും ലംഘനമാണ്.

ഓരോ പദ്ധതിയിലും ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾ അതാത് ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്ന് ഉറപ്പാക്കുന്ന രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ (എ,ബി) വകുപ്പിന്റെ 8.12.2014-ലെ സർക്കുലർ (നം. 4212/എബി1/14/തസ്വഭവ) പ്രകാരം സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി (ഗ്രാമസഭ കൂടാതെ) ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട സെക്രട്ടറിക്കും, ഭരണസമിതി അംഗങ്ങൾക്കുമായിരിക്കും. ത്രിതല പഞ്ചായത്ത് സംവിധാനത്തിലും ഗുണഭോക്താക്കൾ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ പെട്ടവരാണോയെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്വം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. മേൽ നിർദ്ദേശങ്ങൾ പാലിക്കാത്ത പക്ഷം ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഭരണസമിതിയംഗങ്ങളിൽ നിന്നും ഈടാക്കാൻ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

# 3-11 വയോജന സൗഹൃദ പദ്ധതി - പ്രവർത്തനം ശ്ലാഘനീയം

| പദ്ധതിയുടെ പേരും | വയോജന ക്ലബ്ബ് രൂപീകരണവും |
|---|---|
| | |

| | |
|---|---|
| നമ്പരും | ക്ഷേമപ്രവർത്തനങ്ങളും<br>- S0027/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോഗ്രാം ഓഫീസർ |
| അടങ്കൽ | 13,00,000/- രൂപ |

വയോജനങ്ങളുടെ മാനസിക ഉല്ലാസവും വാർദ്ധക്യത്തിലെ ഒറ്റപ്പെടലിൽ ഒരാശ്വാസവും ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിയ ടി പദ്ധതി തികച്ചും ശ്ലാഘനീയമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രസ്തുത പ്രൊജക്ട് പ്രകാരം, ബ്ലോക്കിൽപ്പെട്ട ഏഴ് പഞ്ചായത്തുകളിലെ അംഗനവാടികളിലായി 26 വയോജന ക്ലബ്ബുകൾ രൂപീകരിച്ച് വൃദ്ധജനങ്ങളുടെ മാനസികോല്ലാസം ലക്ഷ്യമിട്ടുകൊണ്ട് ഇൻഡോർ ഗെയിമുകൾക്കാവശ്യമായ കാരംസ് ബോർഡ്, ചെസ്സ് ബോർഡ് എന്നിവ ഓരോ ക്ലബ്ബുകൾക്കും നൽകി. വയോജനങ്ങളുടെ വിരസത അകറ്റുവാനായി ഇവയ്ക്കോരോന്നിനും എൽ.ഇ.ഡി. ടെലിവിഷനും നൽകി. ചിരിയും, ചിന്തയും ഉണർത്തുന്നതിന് ഓരോ ക്ലബിനും ഓരോ ചെറിയ ലൈബ്രറിയും ഈ പദ്ധതി പ്രകാരം നടത്തിവരുന്നു. ഇവയുടെ പ്രവർത്തനം നാലുമണിക്കുശേഷമാണ്. അംഗൻവാടി റ്റീച്ചറും ക്ലബ്ബിന്റ സെക്രട്ടറിയും, പ്രസിഡന്റും ഇവയുടെ പ്രവർത്തനങ്ങളുടെ നേതൃത്വം വഹിക്കുന്നു.

ഈ ക്ലബ്ബുകളുടെ നേതൃത്വത്തിൽ വിവിധങ്ങളായ മെഡിക്കൽ ക്യാമ്പുകളും ഈ സാമ്പത്തിക വർഷം നടപ്പിലാക്കി. ഇതിനെല്ലാം നേതൃത്വം കൊടുക്കുകയും അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ ക്രിയാത്മകമായി ഇടപെടുകയും ചെയ്യുന്ന സി.ഡി.പി.ഓ-യുടെ പ്രവർത്തനം ശ്ലാഘനീയമാണ്.

വയോജനക്ലബ്ബുകൾക്ക് സാധന സാമഗ്രികൾ കൈമാറിയതിന്റെ കൈപ്പറ്റ് രസീതുകൾ നിലവിൽ ബന്ധപ്പെട്ട അംഗൻവാടി അദ്ധ്യാപകരിൽ നിന്നും മാത്രമാണ് വാങ്ങിയിരിക്കുന്നത്. ഈ ക്ലബ്ബിന്റെ പൂർണ്ണ ചുമതലയുള്ള പ്രസിഡന്റ് / സെക്രട്ടറിയുടെ കൈപ്പറ്റു രേഖകൾ വാങ്ങേണ്ടതും സാധനങ്ങളുടെ സംരക്ഷണം സംബന്ധിച്ച് അവരിൽ നിന്നും എഗ്രിമെന്റും വാങ്ങിക്കേണ്ടതും പ്രസ്തുത രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതു മൂലം ക്ലബ് അംഗങ്ങൾക്കും ഭാരവാഹികൾക്കും കൂടുതൽ ഉത്തരവാദിത്വം ഉണ്ടാകുന്നതും സാധന സാമഗ്രികൾ സൂക്ഷ്മതയോടെ പരിപാലിക്കുന്നതിന് സഹായകരമാകുന്നതുമാണ്.

പ്രസ്തുത പദ്ധതി പോലെ മാതൃകാപരമായ പദ്ധതികൾ നടപ്പാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തധികൃതർ ശ്രദ്ധ ചെലുത്തുന്നത് അഭികാമ്യമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

# 3-12 വനിതകൾക്ക് വിശ്രമകേന്ദ്രം എന്ന പേരിൽ തുക വകമാറ്റി ചെലവഴിച്ചു

| | |
|---|---|
| പ്രൊജക്ട് നം., പേര് | SO.10/17-18(S.56/16-17)-ബ്ലോക്ക് ഓഫീസ് കാമ്പസിൽ വനിതകൾക്ക് വിശ്രമകേന്ദ്രം നിർമ്മാണം |
| അടങ്കൽ തുക | രൂ.600000 (വികസനഫണ്ട്) |
| ചെലവ് തുക | രൂ.487484 (ബിൽ നം.5/24.10.17- രൂ.400000,<br>ബിൽ നം.20/24.3.18- (രൂ.87484) |
| കരാറുകാരൻ | ശ്രീ.കെ.എം.ജോസഫ്, കൊച്ചുപറമ്പിൽ |
| എം.ബുക്ക് നം. | 12/17-18 |

ബ്ലോക്ക് പഞ്ചായത്തിലെ രണ്ട് കെട്ടിടങ്ങൾക്ക് ഇടയ്ക്കുള്ള ഭാഗത്ത് ഒരു വിശ്രമകേന്ദ്രം പുനർനിർമ്മിക്കുന്നതിനായാണ് മേൽപറഞ്ഞ പേരിൽ വനിതാ ഘടക പദ്ധതിയിൽ പെടുത്തി പ്രൊജക്ട് തയ്യാറാക്കിയത്. എന്നാൽ പ്രസ്തുത ഭാഗത്തെ നിർമ്മാണം കൂടാതെ, ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന് പിൻവശം നിർമ്മിച്ചിരിക്കുന്ന കാർഷിക സംഭരണ- വിതരണ കേന്ദ്രത്തോട് ചേർന്നുള്ള സംരക്ഷണഭിത്തി കെട്ടുന്നതിനും കൂടി ഇതോടൊപ്പം എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടി പ്രൊജക്ടിൽ തുക ചെലവഴിക്കുകയും ചെയ്തു. വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രൊജക്ട് വേണം വനിതാ ഘടക പദ്ധതിയിൽ പെടുത്തി തുക ചെലവഴിക്കേണ്ടത്. ഈ പേരിൽ മറ്റാവശ്യങ്ങൾക്ക് ഫണ്ട് വിനിയോഗിച്ചത് ക്രമപ്രകാരമല്ല. (2016-17വർഷം പ്രൊജക്ട് നം.S.47/16-17- പ്രകാരം ആവിഷ്കരിച്ച കാർഷിക സംഭരണ-വിതരണ കേന്ദ്രത്തിന്റെ കെട്ടിടം പണി പൂർത്തിയായെങ്കിലും കേന്ദ്രം പ്രവർത്തനക്ഷമമായിട്ടില്ല).

വനിതകൾക്ക് വിശ്രമകേന്ദ്രം എന്ന പ്രൊജക്ടിൽ, അതിന്റെ ഭാഗമല്ലാത്ത ഒരു പ്രവൃത്തി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിക്കുകയും സംരക്ഷണഭിത്തി നിർമ്മിക്കുകയും ചെയ്തത് പ്രൊജക്ടിന്റെ ലക്ഷ്യത്തിന് വിരുദ്ധവും ഫണ്ടിന്റെ ദുർവിനിയോഗവുമാണ്. [രണ്ട് പ്രൊജക്ടുകളുടേയും (56/16-17, 47/16-17) കരാറുകാരൻ ശ്രീ.കെ.എം.ജോസഫ്, കൊച്ചുപറമ്പിൽ എന്നയാളാണ്].

മേൽ പറഞ്ഞ അപാകതയ്ക്ക് ഉത്തരവാദിയായ അസി.എക്സി.എഞ്ചിനീയറിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശ്രമകേന്ദ്രവുമായി യാതൊരു ബന്ധവുമില്ലാത്ത ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മാണത്തിനായി ചെലവഴിച്ച 307918രൂപ (ഐറ്റം നം. 1മുതൽ 7വരെ ആകെ തുക) ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.



വിശ്രമകേന്ദ്രത്തിനായി ഉദ്ദേശിച്ച സ്ഥലം



പ്രവൃത്തിയുടെ ഭാഗമാക്കി സംരക്ഷണഭിത്തി നിർമ്മിച്ച ഭാഗം

കൂടാതെ, 'വനിതകൾക്ക് വിശ്രമകേന്ദ്രം' എന്ന പേരിൽ പുനർനിർമ്മാണം നടത്തിയ ഭാഗം 2016-17വർഷം 'കെട്ടിടം മെയിന്റനൻസ് ' എന്ന പേരിൽ പ്രൊജക്ട് തയ്യാറാക്കി(നം. S.33/17) ജി.ഐ റൂഫിംഗും ടൈൽസ് ഫ്ലോറിംഗും നടത്തിയ 'ഇൻഫർമേഷൻ കേന്ദ്രം' എന്ന ഭാഗം തന്നെയാണ്.(2016-17വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക-3-11, 3-15 എന്നിവ കാണുക) ഇപ്രകാരം വ്യത്യസ്തമായ പേരുകളിൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങളിൽ മെയിന്റനൻസ് പ്രവൃത്തികൾ നടത്തി ഫണ്ട് വകമാറ്റി ചെലവഴിക്കുന്നത് ശരിയായ നടപടിയല്ല. ഇൻഫർമേഷൻ കേന്ദ്രം നാളിതുവരെ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. ഈ ഭാഗം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും ഉചിതമല്ല. ഇൻഫർമേഷൻ കേന്ദ്രമാണോ വിശ്രമകേന്ദ്രമാണോ എന്ന് പൊതുജനങ്ങൾക്ക് മനസ്സിലാക്കുന്നതിനായി ഒരു ബോർഡു പോലും നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

ഈ വിഷയത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-13 ഇ.എം.ഡി ഒടുക്കിയതിന്റെ ഒറിജിനൽ രസീത് ഹാജരാക്കാതെ തുക തിരികെ നൽകി

ഇ.എം.ഡി ഒടുക്കിയതിന്റെ ഒറിജിനൽ രസീത് ഹാജരാക്കാതെ ചുവടെ പറയുന്നവർക്ക് ഡെപ്പോസിറ്റ് തുക തിരികെ നൽകി.

| തുക നൽകിയ വ്യക്തി/സ്ഥാപനം | ബിൽ നം., ചെക്ക് നം., തീയതി | തുക |
|---|---|---|
| Chesnet IT Gallery എന്ന സ്ഥാപനത്തിന് | CB.91/17-18<br>(2195260/23.10.17) | 9000 |
| ശ്രീ.ഡേവിസ്.കെ.ചെറിയാന് നൽകിയത് | CB.115/17-18<br>(2195292/29.11.17) | 23500 |
| പ്രൊജക്ട് നം.22/17-18- ഡിനു ചാക്കോ, ആന്റണി ചാക്കോ, ചന്ദ്രമോഹൻ എന്നിവർക്ക് ഇ.എം.ഡി തിരികെ നൽകിയത് | CB.142/17-18<br>(2195331/25.1.18-<br>2195332/ „ -<br>2195333/ „ -) | 11250<br>11250<br>11250 |
| | ആകെ | 66250 |

രസീതിന്റെ ഒറിജിനൽ ഹാജരാക്കാതെ ഇ.എം.ഡി തിരികെ നൽകിയത് ശരിയായ നടപടിയല്ല. ഒറിജിനൽ രസീത് ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഫയലിൽ സൂക്ഷിക്കേണ്ടതായിരുന്നു. ഒറിജിനൽ രസീത് നഷ്ടപ്പെട്ട

പോയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് മുദ്രപ്പത്രത്തിൽ ബന്ധപ്പെട്ടവരിൽ നിന്നും എഴുതി വാങ്ങേണ്ടതുമായിരുന്നു. ഇപ്രകാരം ചെയ്യാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 3-14 ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും താൽക്കാലികമായി ചെലവഴിച്ച തുകകൾ തിരികെ റീകൂപ്പ് ചെയ്തിട്ടില്ല

ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും താൽക്കാലികമായി ചെലവഴിച്ച ചുവടെ പറയുന്ന തുകകൾ നാളിതുവരെ തിരികെ റീകൂപ്പ് ചെയ്തിട്ടില്ല.

| ചെലവിനം | ബിൽ നം., തുക |
|---|---|
| IWMP ജീവനക്കാരുടെ ഹോണറേറിയം | CB.26/17-18 - 74000<br>(ചെക്ക് നം.2195088/31.5.17- 26000,<br>2195089/ „ - 24000,<br>2195090/ „ - 24000) |
| ശ്രീ.പി.എൻ.സുരേന്ദ്രൻ, പ്രേരകിന് ഹോണറേറിയം | CB.62/17-18- 47160<br>(2195220/9.8.17) |
| ശ്രീമതി പത്മാ രാധാകൃഷ്ണൻ, പ്രേരകിന് ഹോണറേറിയം | CB.64/17-18- 47160<br>(2195223/17.8.17) |

ബന്ധപ്പെട്ട ഫണ്ടുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും, ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകൾ റീകൂപ്പ് ചെയ്യേണ്ടതുമാണ്.

# 3-15 ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ മൂന്ന് ലാന്റ് ഫോൺ കണക്ഷൻ- ജനറൽ പർപ്പസ് ഫണ്ടിന്റെ ദുർവ്യയം

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിലവിൽ മൂന്ന് ലാന്റ് ഫോൺ കണക്ഷനുകളുണ്ട്. (നം.0469-2682258, 2680960, 2970075). ഈ മൂന്ന കണക്ഷനുകളുമായി ബന്ധപ്പെട്ട് ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ടെലഫോൺ ചാർജ് ഒടുക്കിവരുന്നത് ജനറൽ പർപ്പസ് ഫണ്ടിന് അനാവശ്യമായ ചെലവിന് കാരണമാകുന്നു. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/16.4.19) മറുപടിയായി, ഓഫീസിലേക്ക് ഒരു ലാന്റ് ഫോണും, ഇന്റർനെറ്റ് ഉപയോഗത്തിന് മറ്റൊരു ലാന്റ് ഫോണും സ്ഥിരമായി ഉപയോഗിച്ച വരുന്നതായും, ഒരു ലാന്റ് ഫോൺ പ്രവർത്തനരഹിതമാണെന്നും, ടി കണക്ഷൻ കട്ട് ചെയ്ത് ടെലഫോൺ ചെലവ് കുറയ്ക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. ഈ വിഷയത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>ഭാഗം -4</u>

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

# 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

സംയുക്ത പ്രൊജക്ടുകൾക്ക് തുകയൊന്നും ലഭിച്ചിട്ടില്ല.

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രൊജക്ട് നമ്പർ | നിക്ഷേപിച്ച സ്ഥാപനം | തുക | ബിൽ നമ്പർ/ ചെക്ക് | പൂർത്തീകരണ വിവരങ്ങൾ |
|---|---|---|---|---|---|
| | | | | | |

| | | | | നമ്പർ, തീയതി | |
|---|---|---|---|---|---|
| 1. | S.15/17-18 | KWA | 890000 | 24/22.12.17 | ആകെയുള്ള 6 പ്രവൃത്തികളിൽ 1 എണ്ണം മാത്രമാണ് പൂർത്തീകരിച്ചത് |
| 2. | ,, | ,, | 479000 | 31/17.1.18 | |
| 3 | ,, | ,, | 21165 | 52/24.3.18 | |
| 4. | S.18/17-18 | ,, | 350000 | 26/22.12.17 | 2 എണ്ണം മാത്രമാണ് പൂർത്തീകരിച്ചത് |
| 5. | ,, | ,, | 68000 | 29/12.1.18 | |
| 6 | ,, | ,, | 414000 | 27/12.1.18 | |
| 7 | ,, | ,, | 1605000 | 28/12.1.18 | |
| 8 | ,, | ,, | 371000 | 43/3.3.18 | |
| 9 | ,, | ,, | 372000 | 48/17.3.18 | |
| 10 | ,, | ,, | 1123261 | 49/17.3.18 | |
| 11 | ,, | ,, | 101739 | Cheque No.2195389/ 17.3.18 | |
| 12 | S.19/17-18 | KSEB Vaipur | 105000 | 42/2.3.18 | പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല |
| 13 | ,, | KSEB Mallappally | 40486 | 45/2.3.18 | |
| 14 | ,, | ,, | 35414 | Cheque No.2195379/ 9.3.18 | |
| 15 | ,, | ,, | 161655 | Cheque No.2195378/ 9.3.18 | |
| 16 | ,, | ,, | 495069 | 22/30.11.17 | |
| 17 | ,, | ,, | 4336 | Cheque No.2195290/ 27.11.17 | |
| 18 | ,, | KSEB Ranni | 458040 | Cheque No.2195380/ 9.3.18 | |
| 19 | S.20/17-18 | KSEB Vaipur | 165150 | 13/22.12.17 | 2പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ല |
| 20 | ,, | KSEB Thottabhagom | 145440 | 77/21.12.17 | |
| 21 | S.40/17-18 | PWD Electrical Wing | 120000 | 16/24.10.17 | പൂർത്തീകരിച്ചു |
| 22 | S.64/17-18 | PWD Electronics wing | 231087 | 58/28.3.18 | പൂർത്തീകരിച്ചിട്ടില്ല |
| 23 | ,, | ,, | 57913 | Cheque No.2195398/ 28.3.18 | ,, |

പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാ തിരിച്ചടവ്

ഇല്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2002-03 | 2-14 | 2007-08 | ഐ.എ.വൈ ഭവനനിർമ്മാണം- മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. പൂർണ്ണമായ രേഖകൾ ഹാജരാക്കിയിട്ടില്ല. | നടപടികൾ സ്വീകരിച്ചു വരുന്നു |
| 2003-04 | 2-23 | 2007-08 | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്- പദ്ധതി നടത്തിപ്പിലെ അപാകതകൾ | ,, |
| ,, | 2-24 | 2007-08 | തേനീച്ച വളർത്തലും തേൻ സംസ്കരണ യൂണിറ്റ് സ്ഥാപിക്കലും- അപാകതകൾ | ,, |
| ,, | 2-26 | 2007-08 | വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | ,, |
| 2004-05 | 3-4 | 2007-08 | പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിലെ അപാകതകൾ | ,, |
| ,, | 3-17 | 2007-08 | വനിതാ സ്വയം തൊഴിൽ യൂണിറ്റ് | ,, |
| 2006-07 | 3-12 | 2009-10 | തോട്ടഭാഗത്ത് പട്ടികജാതി വനിതകൾക്കായി വ്യവസായകേന്ദ്രം നിർമ്മാണം- അപാകതകൾ | ,, |

| | | | | |
|---|---|---|---|---|
| ,, | 3-14 | 2009-10 | പയറ്റുകാലാ കുടിവെള്ള പദ്ധതി- അപാകതകൾ | ,, |

മേൽപറഞ്ഞ വിഷയങ്ങളിൽ നിയമാസഭാ സമിതിയുടെ നിർദ്ദേശാനുസരണമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | രൂ.7,89,99,790 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | രൂ.6,52,63,221 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | രൂ.35,630 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | രൂ.3,91,208 |

**(ബി) ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | - | 19200 | ഡോ.അന്നപൂർണ്ണ, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, മല്ലപ്പള്ളി |
| 3-3 | - | 5500 | ശ്രീ.ഹരികൃഷ്ണൻ.കെ, അസി.എക്സി.എഞ്ചിനീയർ |
| 3-4 | - | 10930 | ശ്രീ.ഹരികൃഷ്ണൻ.കെ, അസി.എക്സി.എഞ്ചിനീയർ |
| **ആകെ** | - | **35630** | |

**(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 17040 | ശ്രീ.മോഹൻകുമാർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-12 | 307918 | 1. ശ്രീ.സാം മാത്യു, അസി.എക്സി.എഞ്ചിനീയർ<br>2. ശ്രീ.ഹരികൃഷ്ണൻ.കെ, അസി.എക്സി.എഞ്ചിനീയർ |
| 3-13 | 9000 | ശ്രീ.എൻ.ഹരിലാൽ, ബി.ഡി.ഓ- അഡീഷണൽ ചാർജ് |
| ,, | 23500 | ശ്രീ.പ്രസാദ്.റ്റി.കെ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| ,, | 33750 | ശ്രീമതി ഗീതാ.കെ.രാജൻ, ജോയിന്റ് ബി.ഡി.ഓ(ചാർജ്) |

| ആകെ | 391208 | |
|---|---|---|

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക |
|---|---|
| ഇല്ല | |

**(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേര്, ഉദ്യോഗപ്പേര് | സ്ഥിരവിലാസം | ഓഡിറ്റ് വേളയിലെ വിലാസം |
|---|---|---|
| ശ്രീ.ഹരികൃഷ്ണൻ.കെ,<br>അസി.എക്സി.എഞ്ചിനീയർ | കളത്തിൽ ഹൗസ്,<br>ജി.എച്ച്.എസ്-ന സമീപം,<br>മങ്കര R.S.P.O,<br>പാലക്കാട്-678613 | റിട്ടയർ ചെയ്തു |
| ഡോ.അന്നപൂർണ്ണ,<br>മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ആശുപത്രി,<br>മല്ലപ്പള്ളി | പടിപ്പുരയിൽ ഹൗസ്,<br>കോട്ടപ്പുറം, തേക്കുഭാഗം,<br>പറവൂർ, കൊല്ലം-691301 | സ്റ്റഡി ലീവിലാണ് |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി6-642/06 തീയതി 15.02.07/06.12.07 | 1 ഖണ്ഡിക |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി6-644/06തീയതി 15.02.07/06.12.07 | 3 ഖണ്ഡികകൾ |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി2-1199/11തീയതി 27.12.2011/16.06.12 | 6 ഖണ്ഡികകൾ |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി2-177/10 തീയതി 20.12.2011 | 2 ഖണ്ഡികകൾ |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി6-775/06 തീയതി 15.03.07/29.12.07 | 11 ഖണ്ഡികകൾ |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി6-562/08 തീയതി 09.02.09 | 2 ഖണ്ഡികകൾ |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി3- 99/10തീയതി 14.07.10 | 10 ഖണ്ഡികകൾ |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി2- 760/11 തീയതി 12.12.2011/10.02.12 | 7ഖണ്ഡികകൾ |
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ.പി2-152/13 തീയതി 16.05.13/07.09.2013 | 5 ഖണ്ഡികകൾ |
| 2011-12 &2012-13 | എൽ.എഫ്.പി.റ്റി.എ.പി 2-209/14 തീയതി 05.05.2014/03.07.14 | 4 ഖണ്ഡികകൾ |
| 2013-14 | എൽ.എഫ്.പി.റ്റി.എ.പി 2-73/2015 തീയതി 01.04.2015 | 6 ഖണ്ഡികകൾ |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി 13-1106/16 തീയതി | എല്ലാ |

| | | |
|---|---|---|
| | 17.10.2016 | ഖണ്ഡികകളും |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി 13-335/17 തീയതി 06.05.2017 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി-12/1305/2017/ 6.12.17 | ,, |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഹബ ീബ് മുഹമ്മദ്**

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

# 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി.12/336/2019 തീയതി. 15.5.19

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-11-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ **2017-18**-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഹബീബ് മുഹമ്മദ്**

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട**

# 2 Audit Certificate

No.KSA.PTA.P-12/336/2019 Date: 15.5.19

CERTIFICATE

Certified that I have examined the Annual Financial Statement of Mallappally Block Panchayat in Pathanamthitta district for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Mallappally Block Panchayat for the year 2017-18 except the observations in para 1-11 of my report properly presents the picture of income and expenditure.

Habeeb Mohammed

Senior Deputy Director

Kerala State Audit Department

Pathanamthitta